പഞ്ചായത്തുതോറും മത്സ്യഭവനുകൾ

5 (2880) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പഞ്ചായത്തുതോറും മത്സ്യ ഭവനുകൾ സ്ഥാപിക്കുമെന്നുള്ള ഫിഷറീസ് വകുപ്പു മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഓരോ ജില്ലയിലും എത്ര മത്സ്യഭവനുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട് ; പഞ്ചായത്തുതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) മത്സ്യഭവനുകളിൽ ഉദ്യോഗസ്ഥരായി ആരെയാണ് നിയമിച്ചിട്ടുള്ളത് ; ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്തെല്ലാമാണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മത്സ്യഭവനുകൾ എന്ന പദ്ധതി പരാജയത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ ;

(ഇ) ഉദ്യോഗസ്ഥരില്ലാതെയും പ്രവർത്തനരഹിതമായും കിടപ്പുള്ള മത്സ്യഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകുമോ ?

ഉത്തരം

(എ) 100 മത്സ്യ ഭവനുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഇതിനകം നൽകിക്കഴിഞ്ഞു.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

മത്സ്യ മേഖലയിലെ കുടിവെള്ള പദ്ധതികൾ

6 (2861) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് 1999-2000 വർഷത്തിൽ മത്സ്യമേഖലയിൽ കുടിവെള്ള പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ തുക ഏതെല്ലാം പഞ്ചായത്തുകളിലെ പദ്ധതികൾക്കായിട്ടാണ് അനുവദിച്ചിട്ടുള്ളത് ; പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കി ; ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചു ;

(ഡി) 10-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം മത്സ്യമേഖലയിലെ കുടിവെള്ള പദ്ധതികൾക്കായി ചെലവാക്കാവുന്നതിൽ എത്ര രൂപ നാളിതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചു ; ഈ സാമ്പത്തികവർഷം ഇനി എത്ര തുകകൂടി ചെലവാക്കാൻ ഉദ്ദേശിക്കുന്നു ; ലാപ്സായേയ്ക്കാവുന്ന തുക എത്രയെന്ന് അറിയിക്കുമോ ;

(ഇ) മത്സ്യമേഖലയ്ക്ക് അനുവദിച്ചതുക കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് ചെലവഴിക്കുന്നതിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിനായി 1999-2000-ലെ സംസ്ഥാന ബഡ്ജറ്റിൽ 4405-00-800-91 മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ ജലവിതരണം (പത്താം ധനകാര്യ കമ്മീഷന്റെ അവാർഡ്) എന്ന ശീർഷകത്തിൻ കീഴിൽ 1,75,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിശദവിവരങ്ങൾ ലഭ്യമായശേഷം ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ക്രെഡിറ്റ് കാർഡുകൾ

7 (2882) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്രെഡിറ്റ് കാർഡുകൾ നൽകി ബാങ്കിൽ നിന്നും വായ്പാസൗകര്യം ലഭ്യമാക്കുമെന്ന മന്ത്രിയുടെ പ്രസ്താവന നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ക്രെഡിറ്റ് കാർഡ് നൽകി ;

(സി) ഏതെല്ലാം ബാങ്കുകളിൽ നിന്നാണ് ക്രെഡിറ്റ് കാർഡ് പദ്ധതിയനുസരിച്ച് ധനസഹായം നൽകി വരുന്നത് ;

(ഡി) ഈ കാലയളവിലെ ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചതും വകുപ്പുമന്ത്രി പ്രസ്താവിച്ചതുമായ ക്രെഡിറ്റ് കാർഡ് പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നോർത്ത് മലബാർ ഗ്രാമീൺബാങ്ക് തുടങ്ങിയ ബാങ്കുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) മത്സ്യത്തൊഴിലാളികളെ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുക, അവരിൽ സമ്പാദ്യശീലം വളർത്തുക, അവർക്കു പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly